
കാർഷികവികസന കർഷകക്ഷേമ വകുപ്പ്
ഫാം ഇൻഫർമേഷൻ ബ്യൂറോ

₹20

# കേരളകർഷകൻ

2023
നവംബർ

മലയാളത്തിലെ ഏറ്റവും പ്രചാരമുള്ള കൃഷിമാസിക
www.fibkerala.gov.in



## ഡോ. എം. എസ്. സ്വാമിനാഥൻ

ഓർമ്മകൾ... ഹരിതം



# കാർഷികലോകത്തിന് മലയാളമണ്ണിന്റെ സംഭാവനയാണ് ഡോ. എം എസ് സ്വാമിനാഥൻ

കൃഷിയെയും കാർഷിക മേഖലയും ജീവനുതുല്യം സ്നേഹിച്ചിരുന്ന ശാസ്ത്ര പ്രതിഭയാണ് പത്മവിഭൂഷൻ ഡോ. എം. എസ് സ്വാമിനാഥൻ. രാജ്യത്തെ കാർഷിക രംഗത്ത് അദ്ദേഹം നടത്തിയ ഇടപെടലുകൾ സമാനതകളില്ലാത്തതാണ്. നമ്മുടെ രാജ്യത്തെ കാർഷിക സ്വയം പര്യാപ്തമാക്കുവാനായി മൗലികമായ നിരവധി കാർഷിക ശാസ്ത്ര സിദ്ധാന്തങ്ങൾ അദ്ദേഹം മുന്നോട്ട് വയ്ക്കുകയും അത് നടപ്പിലാക്കാനായി സ്വ ജീവിതം ഉഴിഞ്ഞു വയ്ക്കുകയും ചെയ്തു.

ഹരിത വിപ്ലവം എന്നു കേൾക്കുമ്പോൾ ഡോ എം എസ് സ്വാമിനാഥനെയാണ് നമുക്ക് ഓർമ്മ വരിക രാജ്യത്ത് ധാന്യവിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുതകും വിധം വിത്തുകളുടെ ക്ഷമത വർദ്ധിപ്പിക്കുന്നതിൽ അദ്ദേഹം നടത്തിയ ഗവേഷണങ്ങളാണ് കാർഷിക മേഖലയെ കൂടുതൽ ജനകീയമാക്കിയത്. ലോകത്തിന്റെ പല ഭാഗങ്ങളിലും കാർഷിക അഭിവൃദ്ധി സാധ്യമാക്കുന്നതിനും ഭക്ഷ്യക്ഷാമത്തിനെതിരായ പരിശ്രമങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനും അദ്ദേഹത്തിന്റെ സംഭാവനകൾ സഹായകരമായി. പാർലമെന്റ് അംഗമായിരിക്കെ, കാർഷിക രംഗത്തെ സ്ത്രീകളുടെ ഉന്നമനത്തിനായി ഡോ. എം എസ് സ്വാമിനാഥൻ അവതരിപ്പിച്ച ബിൽ സവിശേഷ ശ്രദ്ധയാകർഷിച്ചിരുന്നു.

കാർഷിക സമൃദ്ധിയിലൂടെ സമ്പദ്ഘടനയുടെ ശാക്തീകരണം എന്നതായിരുന്നു സ്വാമിനാഥന്റെ മുദ്രാവാക്യം. കർഷകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനായി അദ്ദേഹം നേരിട്ട് കൃഷിയിടങ്ങളിലെത്തി. വിശപ്പിന്റെയും ദാരിദ്ര്യത്തിന്റെയും നീരാളിപിടുത്തത്തിൽ നിന്ന് രാജ്യത്തെ ജനങ്ങളെ വിമോചിപ്പിക്കുന്നതിനായി അദ്ദേഹം നടത്തിയ ഇടപെടലുകൾ ഇന്ത്യാ ചരിത്രത്തിന്റെ ഭാഗമാണ്. ലോക കാർഷിക രംഗത്തിന് മലയാളമണ്ണ് നൽകിയ അമൂല്യ സംഭാവനയാണ് ഡോ. എം. എസ് സ്വാമിനാഥൻ.

***പിണറായി വിജയൻ,*** മുഖ്യമന്ത്രി

» സസ്നേഹം കൃഷിമന്ത്രി

# മണ്ണിന്റെ മണമുള്ള ശാസ്ത്ര പ്രതിഭയ്ക്ക് ആദരവോടെ



ദേശസ്നേഹം എന്നത് ഏതെങ്കിലും പ്രദേശത്തോടുള്ള പ്രത്യേക സ്നേഹമല്ലെന്നും അത് ഒരു ജനതയോടുള്ള കരുതലാണെന്നും നമ്മളെ ജീവിതം കൊണ്ട് പഠിപ്പിച്ച മഹദ് വ്യക്തിത്വമായിരുന്നു പത്മവിഭൂഷൻ മങ്കൊമ്പ് സാംബശിവൻ സ്വാമിനാഥൻ.

പട്ടിണി മരണങ്ങൾ സൃഷ്ടിച്ച കാലത്തെ കണ്ടും കേട്ടും വളർന്ന സ്വാമിനാഥൻ ഇതിനെതിരെ തന്റെ അറിവിനേയും കഴിവിനേയും നന്നായി വിനിയോഗിച്ചത് ഹരിത വിപ്ലവത്തിൽ നാം കണ്ടു. ശാസ്ത്രത്തെ ഉപയോഗപ്പെടുത്തി ഭക്ഷ്യോത്പാദനത്തിൽ വിപ്ലവം സൃഷ്ടിച്ച എം.എസ് സ്വാമിനാഥൻ 'ഹരിത വിപ്ലവത്തിന്റെ പിതാവ്' എന്ന വിളിപ്പേരിന് ഏറ്റവും അനുയോജ്യനാണ്. ഒരു നാടും ജനതയും രൂപപ്പെടുത്തിയെടുത്ത ശാസ്ത്രജ്ഞനായിരുന്നു അദ്ദേഹം. താൻ കാണുകയും കേൾക്കുകയും ചെയ്ത ഒരു ജനതയുടെ ജീവിതത്തെ എങ്ങനെ സഹായിക്കാൻ കഴിയും എന്നുള്ള ചിന്തയുടെ അടിസ്ഥാനത്തിലാണ് അദ്ദേഹം കാർഷിക മേഖലയിലേക്ക് എത്തുന്നത്. സ്വന്തം നാടിന്റെ പട്ടിണി മാറ്റുന്നതിനായി താൻ ആർജിച്ചെടുത്ത ശാസ്ത്രബോധത്തെ ഉപയോഗപ്പെടുത്തി പുതിയ അത്യുല്പാദന ശേഷിയുള്ള വിത്തുകളിലൂടെയും കൃഷിരീതികളിലൂടെയും കാർഷിക മേഖലയിലെ ഉല്പാദനം വർദ്ധിപ്പിച്ച്, നാടിന്റെ ഭക്ഷ്യദാരിദ്ര്യത്തെ മാറ്റിയെടുക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചു.

ഹരിത വിപ്ലവത്തിന്റെ ഭാഗമായി വർദ്ധിച്ച തോതിൽ ഉണ്ടായരാസകീടനാശിനികളുടെ ഉപയോഗം സൃഷ്ടിച്ച ദുരിതത്തെക്കുറിച്ച് നല്ല ബോധ്യമുണ്ടായിരുന്നതിനാലാണ് അദ്ദേഹം നിത്യഹരിതവിപ്ലവത്തെപ്പറ്റി പറഞ്ഞത്. ഇനി വേണ്ടത് നിത്യഹരിത വിപ്ലവമാണെന്നത് വെറുതേ പറഞ്ഞതല്ല.പരിസ്ഥിതിക്ക് മുഖ്യ പ്രാധാന്യം നൽകിയതാണ് സ്വാമിനാഥൻ പറഞ്ഞ നിത്യഹരിതവിപ്ലവം, അതിന്റെ കേന്ദ്രബിന്ദു മനുഷ്യനും പ്രകൃതിയുമാണ്. പ്രകൃതിയെ കണക്കിലെടുക്കാതെ കാർഷിക മേഖലയെ മുന്നോട്ട് കൊണ്ടുപോകുവാൻ കഴിയുകയില്ല എന്നും അദ്ദേഹം കണ്ടിരുന്നു.

തന്റെ പേരിനൊപ്പം ചേർത്ത മങ്കൊമ്പും അതുൾപ്പെടുന്ന കുട്ടനാടും എന്നും സ്വാമിനാഥന്റെ ഹൃദയത്തിൽ സ്ഥാനം പിടിച്ചിരുന്നു. കുടനാടിനോട് എം.എസ് സ്വാമിനാഥൻ കാട്ടിയ പ്രത്യേക പരിഗണനയുടെ ഫലമായാണ് കുട്ടനാട് പാക്കേജ് രൂപം കൊണ്ടത്. കുട്ടനാടിന്റെ പാരിസ്ഥിതിക പ്രത്യേകതകൾക്കും കാർഷിക രീതികൾക്കും അനുയോജ്യമായ വിധത്തിൽ പദ്ധതി നടപ്പിലാക്കണമെന്ന് അദ്ദേഹത്തിന് വ്യക്തമായ ഒരു വീക്ഷണമുണ്ടായിരുന്നു. കേരളത്തിലെ ഒട്ടനവധി കാർഷിക പരീക്ഷണശാലകളിൽ ഒതുങ്ങാതെ മണ്ണിൽ ഇറങ്ങിയുള്ളതായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനരീതി.

അത്യുല്പാദന ശേഷിയുള്ള വിവിധയിനം നെൽ വിത്തുകൾ വികസിപ്പിച്ചെടുത്തതിലും അദ്ദേഹത്തിന്റെ പങ്ക് വിലപ്പെട്ടതായിരുന്നു. ആയുധങ്ങളല്ല, ഭക്ഷ്യധാന്യങ്ങളാണ് ഒരു രാജ്യത്തിന്റെ ജനതയുടെ സമ്പത്ത് എന്നും അദ്ദേഹം സൂചിപ്പിച്ചിരുന്നു. ദേശാഭിമാന ബോധവും സാമൂഹിക പ്രതിബദ്ധതയും എല്ലാ അർത്ഥത്തിലും നിറഞ്ഞുനിന്നിരുന്ന ശാസ്ത്രജ്ഞനായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ തന്നെ ഓരോ ഭൂപ്രകൃതിക്കും അനുയോജ്യമായ വിധത്തിലുള്ള കാർഷിക പദ്ധതികൾ ആവിഷ്കരിക്കുന്നതിലും നിർദ്ദേശിക്കുന്നതിലും അദ്ദേഹത്തിന്റെ പങ്ക് ഗണ്യമായിരുന്നു.

കൃഷിയിലൂടെ കർഷകന് അന്തഃസ്സാർന്ന ജീവിതം ഉറപ്പാക്കുന്ന തരത്തിൽ കാർഷിക മേഖലയെ പുനഃസംഘടിപ്പിക്കുന്നതിൽ അദ്ദേഹത്തിന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു.

കർഷകന്റെ വരുമാനം ഇരട്ടിയാക്കണം എന്ന നിർദ്ദേശം സ്വാമിനാഥന്റെതാണ്. സ്വതന്ത്ര ഇന്ത്യ കണ്ട ഏറ്റവും വലിയ കർഷക മുന്നേറ്റത്തിൽഇന്ത്യയിലെ കർഷക സംഘടനകൾ ഉയർത്തിയതും ഇപ്പോഴും ആവശ്യപ്പെടുന്നതുമായ സുപ്രധാന മുദ്രാവാക്യം സ്വാമിനാഥൻ റിപ്പോർട്ട് നടപ്പിലാക്കണമെന്നാണ് ആദ്യ ലോക ഭക്ഷ്യ പുരസ്കാരം നേടിയ വ്യക്തിയാണ് ഡോ എം എസ് സ്വാമിനാഥൻ. സമ്മാനമായി ലഭിച്ച തുക കൊണ്ടാണ് അദ്ദേഹം എം എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ സ്ഥാപിക്കുന്നത്. ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ ഗവേഷണ സ്ഥാപനം ഇന്ന് കേരളത്തിന് ഉൾപ്പെടെ പല സംസ്ഥാനങ്ങൾക്കും കാർഷിക മേഖലയിൽ ഗണ്യമായ സംഭാവന നൽകുന്നതിൽ മുൻപന്തിയിൽ നിൽക്കുന്നു. U.N ശാസ്ത്ര ഉപദേശക സമിതി അംഗവും, ആസൂത്രണ കമ്മീഷൻ അംഗവുമായി പ്രവർത്തിച്ച അദ്ദേഹം രാജ്യത്തും വിദേശത്തുമായി അനേകം ഓണററി പുരസ്കാരങ്ങളും കരസ്ഥമാക്കിയിട്ടുണ്ട്. ശാരീരിക അസ്വാസ്ഥ്യങ്ങൾ നേരിട്ട സമയത്ത് പോലും കാർഷിക മേഖലയിൽ അദ്ദേഹത്തിന്റെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടായിട്ടുണ്ടെന്നുള്ളത് എടുത്തു പറയേണ്ട വസ്തുതയാണ് അദ്ദേഹത്തിന്റെ ചിന്തകളും ആശയങ്ങളും കർഷക മനസ്സിൽ എന്നും നിലനിൽക്കുക തന്നെ ചെയ്യും.

***പി പ്രസാദ്***, കൃഷിവകുപ്പ് മന്ത്രി



# ഇന്ത്യയുടെ കാർഷികമേഖലയ്ക്ക് മേൽവിലാസമുണ്ടാക്കിയ കർമ്മയോഗി

**അഡ്വ. വി എസ് സുനിൽകുമാർ**
(മുൻ കൃഷി വകുപ്പ് മന്ത്രി)

''ഒരു മനുഷ്യായുസ്സ് മുഴുവൻ കാർഷികമേഖലയുടെ വളർച്ചയും പുരോഗതിയും ലക്ഷ്യമാക്കി പ്രവർത്തിച്ച ഡോ. എം എസ് സ്വാമിനാഥൻ ഇന്ത്യയുടെ കാർഷികമേഖലയ്ക്ക് മേൽവിലാസമുണ്ടാക്കിക്കൊടുത്ത കർമ്മയോഗിയാണ്. ഇന്ത്യയിൽ ഹരിതവിപ്ലവത്തിന്റെ പതാകവഹിക്കാൻ നിയതി നിശ്ചയിച്ചത് അദ്ദേഹത്തെയായിരുന്നു. ഹരിതവിപ്ലവത്തെ തുടർന്ന് ധവളവിപ്ലവം, മഞ്ഞ വിപ്ലവം, നീല വിപ്ലവം തുടങ്ങി നിരവധി കാർഷിക - കാർഷികാനുബന്ധ കർമ്മപരിപാടികൾ പഞ്ചവത്സരപദ്ധതികളുടെ ഭാഗമായി നമുക്ക് നടപ്പിലാക്കാൻ കഴിഞ്ഞതും ശ്രദ്ധേയമാണ്. രാജ്യത്തെ കർഷകരുടെ എക്കാലത്തെയും പ്രധാനപ്പെട്ട ആവശ്യമാണ് മിനിമം താങ്ങുവില ഉറപ്പാക്കണമെന്നത്. ഈ ആവശ്യം നടപ്പാക്കുന്നത് സംബന്ധിച്ച് ഏറ്റവും ശ്രദ്ധേയമായ ഇടപെടൽ നടത്തിയത് ഡോ. സ്വാമിനാഥനായിരുന്നു. സുപ്രധാനമായ ഈ ആവശ്യം നടപ്പാക്കിയാൽ തന്നെ കോടിക്കണക്കിന് വരുന്ന നമ്മുടെ കർഷകരെ കാർഷിക മേഖലയിൽ ഉറപ്പിച്ചു നിർത്തുന്നതിന് സഹായകമാകും.

ലോകത്തിന്റെ പട്ടിണി മാറ്റാൻ അക്ഷീണം പ്രവർത്തിച്ച വിശ്വോത്തര കാർഷിക ശാസ്ത്രജ്ഞന്മാരിൽ പ്രമുഖനായ ഡോ. എം എസ് സ്വാമിനാഥന്റെ വിയോഗം നമ്മുടെ സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും കാർഷിക മേഖലയിൽ സൃഷ്ടിച്ച ആഘാതം വലുതാണ്. അദ്ദേഹത്തിന്റെ ദീപ്തമായ സ്മരണകൾക്ക് മുന്നിൽ പ്രണാമം.''



# നമ്മുടെ അന്നനാഥൻ

**കെ.പി. മോഹനൻ.എം.എൽ.എ**
(മുൻ കൃഷി വകുപ്പ് മന്ത്രി)

''ഞാൻ 2011 മുതൽ 2016 വരെ കേരളത്തിന്റെ കൃഷി വകുപ്പ് മന്ത്രിയായിരുന്ന ഘട്ടത്തിലാണ് ഡോ. എം.എസ്. സ്വാമിനാഥനെ നേരിൽ കാണാനും, അടുത്ത് അറിയാനും സാധിച്ചത്. കുട്ടനാട് പാക്കേജ് സംബന്ധിച്ചുള്ള ചർച്ചയിൽ അദ്ദേഹം കാണിച്ച ആത്മാർത്ഥതയും അർപ്പണബോധവും എന്നെ അക്ഷരാർത്ഥത്തിൽ അത്ഭുതപ്പെടുത്തിയിരുന്നു. അന്ന് പാക്കേജിന്റെ കാലാവധി ദീർഘിപ്പിക്കാനും, കൂടുതൽ തുക അനുവദിച്ച് സമ്മിശ്രകൃഷി നടപ്പിലാക്കാനും നടത്തിയ ഇടപെടലുകളിൽ അദ്ദേഹത്തിന്റെ സഹകരണം ഞാൻ നന്ദിപൂർവ്വം ഓർക്കുകയാണ്. അദ്ദേഹത്തിന്റെ ജീവിതാഭിലാഷമായിരുന്നു കുട്ടനാട് പാക്കേജിന്റെ പൂർണ്ണത.

ഓരോ കൃഷിക്കാരനും മികച്ചൊരുശാസ്ത്രജ്ഞൻ തന്നെയാണെന്ന് അദ്ദേഹം പറയുമായിരുന്നു. സമുദ്രനിരപ്പിന് താഴെ കൃഷി ചെയ്യുന്ന സമ്പ്രദായം 150 വർഷം മുമ്പ് തന്നെ ആരംഭിച്ച കുട്ടനാട്ടിലെ കർഷകരെപ്പോലുള്ളവരെ ചൂണ്ടിക്കാട്ടിയാണ് അദ്ദേഹം കൃഷിക്കാരെ ശാസ്ത്രജ്ഞരെന്ന് വിശേഷിപ്പിച്ചത്. എം.എസ്. സ്വാമിനാഥന്റെ സാമീപ്യംപോലും കൃഷിയെ സ്നേഹിക്കുന്നവർക്ക് വലിയ ആവേശവും ആശ്വാസവുമാണ് നൽകുക. വാക്കിലെ ആത്മാർത്ഥതയും, ചിന്തയിലെ തീക്ഷ്ണതയും സമീപനത്തിലെ വിനയവും എല്ലാം ചേർന്ന അപൂർവ്വ ചാരുതയുള്ള മഹാപ്രതിഭയുടെ മുന്നിൽ കൂപ്പ് കൈകളോടെ നമിക്കാനേ സാധിക്കൂ - നമ്മുടെ അന്നനാഥന്റെ മുമ്പിൽ''.



**മുല്ലക്കര രത്നാകരൻ**
(മുൻ കൃഷിവകുപ്പ് മന്ത്രി)

പൂർണാർത്ഥത്തിൽ ലോകത്തോളം
''ഡോക്ടർ: എം.എസ്. സ്വാമിനാഥൻ ഒരു കുട്ടനാട്ടുകാരന്റെ
സാധാരണമല്ല. അദ്ദേഹം അത്
വളർന്ന ഒരാളായിരുന്നു. ഒരു ശാസ്ത്രജ്ഞൻ ഫിലോസഫറാവുക
രണ്ടും ചേർന്നതായിരുന്നു. ഗ്രീൻ വിപ്ലവം സാധ്യമാക്കിയ അദ്ദേഹം അതിന്റെ കുറവുകൾ മന
സ്സിലാക്കിയാണ് 'എവർഗ്രീൻ റവല്യൂഷൻ' ഇനി വേണമെന്നു നിർദ്ദേശിച്ചത്. കൃഷിയും കൃഷിക്കാര
നും വേർതിരിഞ്ഞ കോർപ്പറേറ്റ് കാലത്ത് അദ്ദേഹം കർഷക ക്ഷേമമാണ് കൃഷിവകുപ്പിന്റെ മുഖ്യ ലക്ഷ്യം
ആകേണ്ടതെന്ന് നിർദ്ദേശിച്ചു. കൃഷിയുടെ സമൃദ്ധിയിൽ കൃഷിക്കാരന്റെ ആത്മഹത്യ അദ്ദേഹം കണ്ടു
അതുകൊണ്ടാണ് അദ്ദേഹത്തെ 'ഓർഗാനിക് ഫിലോസഫർ' എന്ന് വിളിച്ചത്. സാക്ഷരകേരളത്തിന് ഇനി
വേണ്ടത് 'ജലസാക്ഷരത'യാണെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ജലത്തെ സ്വീകരിക്കാനും ശുദ്ധീകരിക്കാനും
ആവശ്യമുള്ളപ്പോൾ തരാനും കഴിവുള്ളത് സമൃദ്ധമായി കൃഷിയുള്ള വയലിനും അതിന്റെ അരികിലെ
പച്ചപ്പ് നിറഞ്ഞ കരകൾക്കും ആണ്. അധികജലം നിക്ഷേപിക്കുന്നത് ഈ കരകളിലാണ്. വരൾച്ച നേ
രിടുമ്പോൾ നദിക്ക് ഈ ജലം കരയും, വയലും ആരുമറിയാതെ തിരികെ നൽകും. പമ്പയിലെ ജലം
കുട്ടനാട് എത്തുന്നതിന് മുമ്പ് കൃഷികൊണ്ട് റെഗുലേറ്റ് ചെയ്യാമെന്ന് അദ്ദേഹം പറഞ്ഞു. ഇത് കുട്ടനാട്ട്
എത്തുന്ന എല്ലാ നദികൾക്കും ബാധകമാണ്. കുട്ടനാട് പാക്കേജിന്റെ ആദ്യകാലത്ത് കൃഷിമന്ത്രി എന്ന
നിലയിൽ അദ്ദേഹവുമായി നടത്തിയ ചർച്ചകൾ എല്ലാം കാർഷിക സാക്ഷരതയുടെ ഗുരുമുഖത്ത് നിന്ന്
കേട്ട പവിത്രപാഠങ്ങളായിരുന്നു. ഓർമ്മകൾക്ക് മുമ്പിൽ പ്രണാമം.''

## പ്രകൃതി സംരക്ഷണത്തിന് മുന്നണിപ്പോരാളിയാകാം

**ഡോ. ബി. അശോക് ഐ എ എസ്**
കാർഷികോത്പാദന കമ്മീഷണർ & വൈസ് ചാൻസലർ കേരള കാർഷിക സർവ്വകലാശാല

രാജ്യത്തിന്റെ പ്രശസ്തി ലോകത്തിനു മുന്നിൽ എത്തിച്ച കർഷക സ്നേഹിയായ ശാസ്ത്രജ്ഞൻ
ആയിരുന്നു ഡോ. എം. എസ്. സ്വാമിനാഥൻ. നോബൽ ജേതാവായ നോർമാൻ ബോർലോഗ്
തന്നെ പറയുന്നുണ്ട് ഇന്ത്യൻ ശാസ്ത്രജ്ഞനായ എം എസ് സ്വാമിനാഥന്റെ സംഭാവന കൂടിയാണ്
തന്റെ അംഗീകാരത്തിന് കാരണമെന്ന്. അതുകൊണ്ടുതന്നെ നമുക്ക് എക്കാലവും ഓർക്കാനും,
ഒരു സ്വകാര്യ അഭിമാനമായി കൊണ്ടുനടക്കുവാനും കഴിയുന്ന ഒരു നാമധേയമാണ് എം എസ്
സ്വാമിനാഥൻ എന്നത്. അദ്ദേഹത്തിന്റെ സാമീപ്യം പോലും കൃഷിയെ സ്നേഹിക്കുന്നവർക്ക് വലിയ
ആവേശവും ആശ്വാസവുമാണ് നൽകുക.

സമുദ്രനിരപ്പിൽ നിന്നും താഴെ നെൽകൃഷി ചെയ്യുന്ന ലോകത്തിലെ തന്നെ അത്യ
പൂർവ്വം സ്ഥലങ്ങളിൽ ഒന്നാണ് കുട്ടനാട് പ്രദേശം. കുട്ടനാടിനെ Globally important agriculture
Heritages sytem (GIAHS) - ത്തിൽ ഉൾപ്പെടുത്തുവാൻ സാധിച്ചത് ഡോ. എം. എസ്. സ്വാമി
നാഥന്റെ പ്രയത്നം ഒന്നുകൊണ്ടുമാത്രമാണ്. ഇന്ന് അന്താരാഷ്ട്ര കായൽ ഗവേഷണ കേന്ദ്രം
തന്നെ കുട്ടനാട് പ്രവർത്തിക്കുന്നു. അതും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരമാണ് സ്ഥാ
പിതമായിട്ടുള്ളത്. അതുപോലെതന്നെ പാരിസ്ഥിതിക പ്രാധാന്യം അർഹിക്കുന്ന കുട്ട
നാടിന്റെ സംരക്ഷണത്തിനായി തയ്യാറാക്കിയിട്ടുള്ള ഒന്നാം കുട്ടനാട് പാക്കേജിന്റെ പിന്നിലും
അദ്ദേഹത്തിന്റെ കരങ്ങൾ തന്നെ. ഇന്ന് നമ്മൾ ഉപയോഗിക്കുന്ന അത്യുൽപാദനശേഷിയുള്ള
നെൽവിത്തനങ്ങളുടെ ഉത്ഭവത്തിനു പിന്നിലെ ചാലകശക്തിയും എം എസ് സ്വാമിനാഥനാണ്.
ഇന്ത്യയിൽ മാത്രമല്ല ലോകമെമ്പാടുമുള്ള കാർഷിക മേഖലയെ മാറ്റിമറിച്ച ഉയർന്ന വിളവുള്ള
ധാന്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിലും ദശലക്ഷക്കണക്കിന് ജനങ്ങളുടെ ദാരിദ്ര്യമകറ്റുന്നതി
നും തുടക്കം കുറിച്ച വ്യക്തി എന്ന നിലയിൽ അദ്ദേഹത്തെ ലോകമെന്നും അനുസ്മരിക്കും.
അദ്ദേഹത്തിന്റെ ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സുസ്ഥിരമായ ഒരു കാർഷിക വികസനത്തി
നായി പ്രകൃതിയേയും മനുഷ്യനെയും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു ഇടപെടലിന് നമ്മൾ
മുന്നണി പോരാളിയായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അതിനുള്ള ഊർജ്ജം പകരുന്നതാണ് ഡോ.
എം. എസ്. സ്വാമിനാഥന്റെ ഉത്തമ ജീവിതം.